പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*217 | 12/03/2020 - ൽ മറുപടിയ്ക്ക്

# സാംസ്കാരിക രംഗത്തെ നേട്ടങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഉമ്മർ<br>ശ്രീ. എം. സി. കമറുദ്ദീൻ<br>ശ്രീ. പി. കെ. ബഷീർ<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് : | **ശ്രീ.എ.കെ.ബാലൻ<br>പട്ടിക ജാതി പട്ടികവർഗ്ഗ<br>പിന്നോക്ക സമുദായ ക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും<br>വകുപ്പ് മന്ത്രി** |
| എ) സംസ്ഥാനത്ത് സാംസ്കാരിക നയം പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാന സാംസ്കാരിക നയം പ്രഖ്യാപിച്ചിട്ടില്ല |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്കാരിക രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് സാംസ്കാരിക രംഗത്ത് അഭൂതപൂർവ്വമായ നേട്ടങ്ങൾ കൈവന്നിട്ടുണ്ട്. നമ്മുടെ കലാസാംസ്കാരിക പൈതൃകത്തിനെ സംരക്ഷിക്കാനും പരിപോഷിപ്പിക്കാനുമുതകുന്ന നൂതനങ്ങളായ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു. അവയിൽ . പ്രധാനപ്പെട്ട ഒന്നാണ് കേരളത്തിന്റെ തനത് കലാരൂപങ്ങളുടെ പരിപോഷണവും നിശ്ചിത യോഗ്യത നേടിയ യുവകലാകാരന്മാരുടെ പ്രോത്സാഹനവും ലക്ഷ്യമാക്കിയുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി. പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 1000 യുവകലാകാരന്മാർക്ക് സാംസ്കാരിക വകുപ്പ് 10,000/- രൂപയും തദ്ദേശ സ്വയം ഭരണ വകുപ്പ് 5,000/- രൂപയും പ്രതിമാസം ഫെലോഷിപ്പ് നൽകുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ സംസ്ഥാനത്തെമ്പാടുമായി 174 ക്ലസ്റ്ററുകളിലായി 1000 യുവകലാകാരന്മാരെ വിന്യസിച്ച് ഒരു ലക്ഷത്തോളം പഠിതാക്കൾക്ക് വിവിധ കലാവിഷയങ്ങളിൽ കലാപരിശീലനം നൽകി വരുന്നു. സംസ്ഥാനത്തെമ്പാടുമായി ക്ലാസിക്കൽ, സമകാലീന, ഫോക് ലോർ വിഭാഗങ്ങളിൽപ്പെട്ട 45 ഓളം കലാവിഷയങ്ങളിൽ പരിശീലനത്തിനായി |

സിലബസും പാഠ്യ സാമഗ്രികളും ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ കേരളത്തിന്റെ തനത് കരകൗശല കലാസാംസ്കാരിക പാരമ്പര്യം കാത്തു സൂക്ഷിക്കുന്നതിനും കരകൗശല കലാകാരന്മാരുടെ ഉപജീവന സുസ്ഥിരത ഉറപ്പാക്കുന്നതിനുമായി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഗ്രാമീണ കലാകേന്ദ്രം അഥവാ കലാകാരന്മാരുടെ ഉപജീവന പദ്ധതി. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ഇരുപതോളം പൈതൃക ഗ്രാമങ്ങളിൽ പദ്ധതി നടപ്പിലാക്കി വരുന്നു. അവിടെ പുതിയ തലമുറയിൽപ്പെട്ടവർക്ക് കലാകരകൗശല വിദ്യയിൽ പരിശീലനവും വിപണന സാധ്യതകളും ഒരുക്കുന്നു. കൂടാതെ ഓരോ ഗ്രാമത്തിലും കോമൺ ഫെസിലിറ്റി കേന്ദ്രങ്ങൾ സ്ഥാപിച്ച് പരിശീലനം സിദ്ധിച്ച കരകൗശല വിദഗ്ദ്ധർക്ക് തുടർന്നും തൊഴിൽ സാധ്യതകൾ നിലനിർത്തിപ്പോരുന്നു. സംസ്ഥാനത്തെ 14 ജില്ലകളിലും നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ ഏകദേശം 50 കോടി വീതം രൂപ ചെലവഴിച്ച് നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൊല്ലം, പാലക്കാട്, കാസറഗോഡ് ജില്ലകളിൽ സമുച്ചയ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. ഇതര ജില്ലകളിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. കേരളം കൈവരിച്ചിട്ടുള്ള ഉന്നത നവോത്ഥാന . മൂല്യങ്ങൾ പരിപോഷിപ്പിക്കാനും നിലനിർത്താനും ഈ സാംസ്കാരിക സമുച്ചയങ്ങൾ സഹായിക്കുന്നതാണ്.. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് 700 കോടി രൂപയാണ് ആകെ ചെലവ് പ്രതീക്ഷിക്കുന്നത്.

കൂടാതെ, ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും കലാ പ്രവർത്തനങ്ങൾക്കുള്ള രംഗവേദികൾ "നാട്ടരങ്ങ്" എന്ന പേരിൽ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. അവശത അനുഭവിക്കുന്ന കലാകാരന്മാർക്ക് സാംസ്കാരിക വകുപ്പ് നൽകുന്ന പെൻഷൻ 750 രൂപയിൽ നിന്നും 1500 രൂപയായും സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് നൽകുന്ന പെൻഷൻ 1000 രൂപയിൽ നിന്നും 3000 രൂപയായും വർദ്ധിപ്പിച്ചു.

രാജ്യത്താകെ ജനങ്ങളിൽ വിദ്വേഷം വളർത്തുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്ന സാഹചര്യത്തിൽ പരസ്പര ഐക്യം വളർത്തുന്നതിനും നമ്മുടെ നവോത്ഥാന മൂല്യങ്ങൾ

| | | |
|---|---|---|
| | | സംരക്ഷിക്കുന്നതിനും ഉതകുന്ന പരിപാടികൾ സാംസ്കാരിക വകുപ്പ് സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി ശ്രീനാരായണ ഗുരുവിന്റെ 'നമുക്ക് ജാതിയില്ലാ വിളംബര'ത്തിന്റെ 100-ാം വാർഷികം ലൈബ്രറി കൗൺസിലുമായി ചേർന്ന് 6000 ത്തോളം കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചു. മഹാത്മാ ഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികം 'രക്തസാക്ഷ്യം' എന്ന പേരിലും സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികം 'വിവേകാനന്ദസ്പർശം' എന്ന പേരിലും സംഘടിപ്പിച്ചു. സഹോദരൻ അയ്യപ്പന്റെ പന്തിഭോജനത്തിന്റെ വാർഷികവും സംഘടിപ്പിച്ചു. മഹാത്മാഗാന്ധിയും പത്നിയും പല തവണ സന്ദർശിച്ച് താമസിച്ച പാലക്കാട് അകത്തേത്തറയിലെ ശബരി ആശ്രമം നവീകരണ പദ്ധതി തുടങ്ങിയ നൂതനങ്ങളായ പദ്ധതികൾ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. |
| സി) | സംസ്ഥാനത്തെ പുരാതന കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിനും നഗരസൗന്ദര്യം വർദ്ധിപ്പിക്കുന്നതിനുമായി ഹെറിറ്റേജ് കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | സി) & ഡി) സാംസ്കാരിക വകുപ്പിന്റെ കീഴിൽ ഹെറിറ്റേജ് കമ്മീഷൻ രൂപീകരിച്ചിട്ടില്ല. |
| ഡി) | ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | |

(ഒപ്പ്)
സെക്ഷൻ ഓഫീസർ